**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1672 04/12/2015-ൽ മറുപടിയ്ക്ക്

## നീർത്തട തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുണ്ടായ നീർത്തട തണ്ണീർത്തട സംരക്ഷണ നിയമത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്നും മാറ്റങ്ങളിലെ ഏത് രീതിയാണ് ജനങ്ങൾക്ക് ഗുണകരമെന്നും വ്യക്തമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 29.07.2015-ലെ വിജ്ഞാപന പ്രകാരം ആക്ടിലെ 3-ാം വകുപ്പിന് ശേഷം 3.എ ഉപവിഭാഗം ഉൾപ്പെടുത്തിക്കൊണ്ട് ആക്ട് ഭേദഗതി ചെയ്യുകയുണ്ടായി. 12.08.2008-ന് മുമ്പ് അനധികൃതമായി നികത്തിയ ഭൂമി പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുവാൻ വേണ്ടിയാണ് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിനു അനുബന്ധമായി കേരള നെൽ വയൽ തണ്ണീർത്തട നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. വമ്പിച്ച മൂലധന നിക്ഷേപവും, തൊഴിൽ സാധ്യതയും സൃഷ്ടിക്കുന്നതിനു വേണ്ടി പ്രൈവറ്റ് ഹൈടെക് പാർക്കുകളെ നെൽ വയൽ തണ്ണീർത്തട നിയമത്തിലെ സെക്ഷൻ 2(XIV) —ലെ പൊതു ആവശ്യത്തിന്റെ പരിധിയിൽപ്പെടുത്തി എസ്.ആർ.ഒ 107/2015 തീയതി 27.02.2015 എന്ന നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) നീർത്തട തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഉണ്ടാകുന്ന മാറ്റം കേരളത്തിലെ പരിസ്ഥിതിക്കും, ജൈവ വൈവിധ്യത്തിനും, കാർഷിക മേഖലയ്ക്കുതന്നെ ഹാനികരമാണെന്ന വസ്തുത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ? | ബി) സംസ്ഥാനത്തെ നെൽവയൽ സംരക്ഷിക്കുന്നതിനും, പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതും പാരിസ്ഥിതികാഘാതമുണ്ടാക്കുന്നതുമായ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**